(സി) പ്രസക്തമല്ല.

(ഡി) ഉണ്ട്. ഇലക്ട്രിസിറ്റി ആക്ട് 2003 അനുസരിച്ച് വൈദ്യുതി ബോർഡിന്റെ പ്രതീക്ഷിത വാർഷിക വരവും ചെലവും കണക്കാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കേണ്ടതുണ്ട്. പ്രസ്തുത ചട്ടങ്ങളുടെ അഭാവത്തിൽ ബോർഡിന്റെ വരവുചെലവു കണക്കുകൾ തിട്ടപ്പെടുത്തുന്നത് ഇലക്ട്രിസിറ്റി (സപ്ലൈ) (ആനുവൽ അക്കൗണ്ട്സ്) റൂൾസ്, 1985 നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും ചെലവിനങ്ങളിന്റെ മുൻകാല പ്രവണതകളും കണക്കിലെടുത്താണ്. എന്നാൽ മുൻകൂട്ടി പ്രസിദ്ധപ്പെടുത്താത്ത വ്യത്യസ്തമായ മാനദണ്ഡങ്ങൾ കമ്മീഷൻ കാലാകാലങ്ങളിൽ സ്വീകരിക്കുന്നതുമൂലം പ്രധാനമായും തേയ്മാന ചെലവുകൾ, വൈദ്യുതി വാങ്ങൽ ചെലവുകൾ, വേതന ചെലവ് തുടങ്ങിയ വിവിധ ചെലവിനങ്ങളിൽ ബോർഡ് കണക്കാക്കിയതിൽ നിന്നും വ്യത്യസ്തമായ കണക്കുകളാണ് കമ്മീഷൻ അംഗീകരിക്കാറുള്ളത്. ഇത് ബോർഡിന്റെയും കമ്മീഷന്റെയും കണക്കുകൾ പ്രകാരമുള്ള കമ്മി വ്യത്യസ്തമാകുവാൻ ഇടയാകുന്നു.

(ഇ) 2009-10 സാമ്പത്തിക വർഷത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ച് വൈദ്യുതി ഉല്പാദനത്തിന് 475.22 കോടി രൂപയും വൈദ്യുതി വാങ്ങുന്ന ഇനത്തിൽ 3676.91 കോടി രൂപയും ശമ്പള ഇനത്തിൽ 1456.63 കോടി രൂപയും ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ട്.

കെ.എസ്.ഇ.ബി.-യുടെ 2010-11-ലെ വാർഷിക വരവ് ചെലവ് കണക്ക്

152 (4215) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിന്നോക്ക വിഭാഗ സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി-യുടെ 2010-11-ലെ വാർഷിക വരവ് ചെലവ് കണക്കനുസരിച്ച് എത്ര രൂപയുടെ കമ്മി പ്രതീക്ഷിക്കുന്നുണ്ട് ;

(ബി) പ്രസ്തുത കമ്മി നികത്താൻ കറന്റ് ചാർജ് വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം കെ.എസ്.ഇ.ബി. കേരള ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനു മുമ്പിൽ സമർപ്പിച്ചിട്ടുണ്ടോ ;

(സി) 2006-07 മുതൽ 2009-2010 വരെ എത്ര തവണ കറന്റ് ചാർജ് വർദ്ധിപ്പിക്കാൻ കെ.എസ്.ഇ.ബി. റഗുലേറ്ററി കമ്മീഷന്റെ അനുമതി തേടിയിട്ടുണ്ട് ;

(ഡി) ഈ ഓരോ വർഷവും ബോർഡിന്റെ വാർഷികവരവ് ചെലവ് കണക്കുകളിൽ എത്ര രൂപയുടെ കമ്മിയാണ് കാണിച്ചിരുന്നത് ;

(ഇ) ഈ വർഷങ്ങളിൽ ബോർഡ് സമർപ്പിച്ചിരുന്ന 'ആനുവൽറവന്യൂ റിട്ടേണി' ന്റെ സംക്ഷിപ്ത രൂപം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2009 ഡിസംബറിൽ കെ.എസ്.ഇ. ബോർഡ് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനു മുമ്പാകെ സമർപ്പിച്ച 2010-11 വർഷത്തെ പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ പ്രകാരം 2219.60 കോടി രൂപയുടെ റവന്യൂ കമ്മിയാണ് കെ.എസ്.ഇ.ബോർഡ് കണക്കാക്കിയിരുന്നത്. എന്നാൽ റഗുലേറ്ററി കമ്മീഷൻ കണക്കാക്കിയിരിക്കുന്ന കമ്മി 457.47 കോടി രൂപയാണ്.

(ബി) ഇല്ല.

(സി) കെ.എസ്.ഇ. ബോർഡ് സമർപ്പിച്ച 2009-10-ലെ പ്രതീക്ഷിത വരവുചെലവ് കണക്കുകളിൽ മേൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 17-4-2009-ൽ പുറപ്പെടുവിച്ച ഉത്തരവിൽ താരിഫ് യുക്തിസഹമാക്കുന്നതിനു വേണ്ടി 2 മാസത്തിനുള്ളിൽ താരിഫ് പെറ്റീഷൻ സമർപ്പിക്കണമെന്ന് കെ.എസ്.ഇ. ബോർഡിനോട് നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം 24-7-2009-ൽ കേരളത്തിൽ വൈദ്യുതി നിരക്കുകൾ യുക്തിസഹമാക്കുന്നതിനുവേണ്ടി ബോർഡ് കമ്മീഷനുമുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നു.

(ഡി&ഇ) 2006-07 മുതൽ 2009-10 വരെയുള്ള വർഷങ്ങളിൽ കെ.എസ്.ഇ. ബോർഡ് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനുമുമ്പാകെ സമർപ്പിച്ചിട്ടുള്ള പ്രതീക്ഷിത വരവുചെലവു കണക്കുകളുടെ (അഗ്രിഗേറ്റ് റവന്യൂ റിക്വയർമെന്റ്) സംക്ഷിപ്ത രൂപം അനുബന്ധമായി നൽകിയിരിക്കുന്നു.*

പുതിയ ജലവൈദ്യുത പദ്ധതികൾ

153 (4216) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര ജലവൈദ്യുത പദ്ധതികൾ ആരംഭിച്ചിട്ടുണ്ട് ; എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട് ; എത്ര പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു എന്നറിയിക്കുമോ ;

(ബി) ഇവയുടെ സ്ഥാപിതശേഷി എത്രയാണ് ;

(സി) പ്രസ്തുത പദ്ധതികൾക്കായി എന്തു തുക ഇതിനകം ചെലവഴിച്ചിട്ടുണ്ട് ;

(ഡി) ചെറുകിട ജലവൈദ്യുത പദ്ധതികളിൽ ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ വേണ്ടിവരുന്ന ചെലവ് എത്രയെന്ന് അറിയിക്കുമോ ;

(ഇ) ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി സാദ്ധ്യതാ പഠനം നടത്തിയിട്ടുള്ള പ്രദേശങ്ങളുടെ വിശദവിവരം നൽകുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ. ബോർഡിന്റെ കീഴിൽ ആരംഭിച്ച ജലവൈദ്യുത പദ്ധതികൾ താഴെ പറയുന്നവയാണ് :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly